തീരെ ചെറിയ ശബ്ദങ്ങൾ

- O N V കുറുപ്പ്

എനിക്കിഷ്ടം മുകിൽപ്പെരുമ്പറ കൊട്ടി
തിമിർത്തു പെയ്യുന്ന മഴയുടെ ശബ്ദം!
തിരയടിക്കുന്ന കടലിന്റെ ശബ്ദം!
കര കവിഞ്ഞു പോം നദിയുടെ ശബ്ദം!!
മദഗജംപോലെ മലയിറങ്ങി വ-
ന്നിളകിയാടുന്ന കൊടുംകാറ്റിൻ ശബ്ദം!

സ്വമാതൃഭൂവിന്റെസ്വതന്ത്രതക്കായി
പൊരുതുന്നോർ പാടും കരുത്തെഴും ശബ്ദം!
കടന്നൽമൂളുന്നോരിരുണ്ട കാട്ടിലെ
കരിവീട്ടി കടഞ്ഞെടുത്ത രൂപങ്ങൾ
ദ്രുതപദമേതോലഹരിയിലാടി-
ത്തിമിർക്കുമാസുരഗഭീരമാം നാദം!

ഹിമഗിരിമുടി മുകളിലായ് രുദ്ര-
നടനകേളി തൻ ഡമരുകശബ്ദം!
ഒരു പെരുംകുടം അടിച്ചുടിച്ചു കാ-
തിരുമ്പിനെ ക്കുടിമെരുക്കിടും സ്വരം!

കുതിരകൾ കുളമ്പടിച്ചു പോം ശബ്ദം!
കതിനകൾ പൊട്ടി മുഴങ്ങിടും ശബ്ദം!

എനിക്കിവയിഷ്ടം, മഴ തിമിർക്കട്ടെ
തിരകളാർക്കട്ടെ നദിയൊഴുകട്ടെ
ഇടക്കിടെ കാറ്റും മദിച്ചു പായട്ടെ
സമസ്തലോകവും സ്വതന്ത്രമാവട്ടെ

ഇരുണ്ട കാടുകൾ തളിർക്കട്ടെ -പഴം-
കഥ പകരട്ടെപുതിയ വീര്യങ്ങൾ!

ഇവയെല്ലാമെന്നുമെനിക്കിഷ്ടം പക്ഷേ
പ്രിയതരം തീരെ ചെറിയ ശബ്ദങ്ങൾ
ഇലകളിൽ നിന്നു ഹിമകണികകൾ
തെരുതെരെയിറ്റിറ്റുതിരും നിസ്വനം!

ഒരു തിര വന്നു മണൽത്തരികളെ
കിരുകിരെക്കെട്ടിപ്പുണരും സീൽക്കാരം!

ഒരു തരുവിന്റെ മുടിത്തഴ മെല്ലെ
വകഞ്ഞു പോം കാറ്റിൻ പ്രണയമർമ്മരം!

।। सुसूक्ष्मतमाः स्वनाः।।

- शङ्करनारायणः,पूर्णवेदपुरी

मम इष्टं मेघमुरजवादन-
सहितमासारसुसान्द्रनिस्वनम् ।
चल्लत्तरङ्गसागरगीतं तथा
कूलङ्कषापगासुरम्यमन्त्रणम्।।
मदगजस्येव गिरेरवतीर्णं
प्रचण्डमारुतप्रताण्डवघोषम् ।।
स्वमातृराजस्य स्वतन्त्रतावाप्त्यै
समरं कुर्वतां सुदृढघोषणम्।।
मषिकाझंकारत्रसन्नीलवन-(भ्रमरझंकार..)
सुदारुनिर्मिततमोमयरूपाः
द्रुतपदगानलहरीमापीय
करोति नर्तनं, ममेष्टा सा ध्वनिः।।
हिमगिरिशृङ्गस्युपरि च रुद्र-
नटनकेलिषु डमरुवैखरी।।
महाकलशे तु प्रहृत्यतो काला-
यसस्यापि स्निग्धगुणप्रदो रवः।।
तुरगवाहिनीखुरोद्धतो रवः
दिशाप्रकम्पकं पटहताडनम्।।
मम ह्येते प्रियाः, प्रवर्षन्तु मेघाः
तरङ्गाः गर्जन्तु प्रवहन्तु नद्यः।।
क्वचिक्वचित् स्वेच्छं विहरताद्वायुः
समस्तलोकोf पि स्वतन्त्रतामेयात्।।
तमालं काननं वहतात्पल्लवम्
पुराणानि तथा नवं वीर्यं दद्यात्।।
मम ह्येते प्रियाः, परन्त्वतिसूक्ष्म-
स्वनलवोपिf मे ततो प्रियतरः।।
हिमकणिकानां विटपपर्णेभ्यो
पतने यत्स्वनं, रुचिरं तद्धि मे ।।
तरङ्गतुङ्गालिङ्गितसिकतस्य
रतिमनोहरसुनिश्वासरवः।।
विटपकेशेषु प्रणयिनमिव
सुखस्पर्शं कृत्वा रममाणस्य तत्
सदागतेः स तु प्रणयमर्मरो

അരുമയായ് വന്നു തഴുകും കൈയിലെ
തരിവളകൾ തൻ തരളനിസ്വനം!
പനിക്കും കുഞ്ഞിന്റെ മണിബന്ധത്തിൽ കൈ-
വിരലമർത്തുമ്പോൾ മിടിക്കും നിസ്വനം!

അരങ്ങിലാടുന്ന ചിലങ്കയിൽ നിന്നു-
മടർന്നു വീഴുന്ന മണി തൻ ഗദ്ഗദം
കടഞ്ഞെടുത്തതാമമൃതം മറ്റാരോ
കവർന്നു പോയെന്ന നിനവിൻ നിശ്വാസം!

സ്മൃതികളിലേതോ സുഖദമാം സ്വരം
ഉദകപ്പോളയൊന്നടരുംനിസ്വനം
വിട പറയുമ്പോൾ വിതുമ്പിടുംസ്വരം
വിധിയെയോർത്തു വീർപ്പിടും മൃദു സ്വരം

പറയാതെ,യൊന്നും പറയാതെ ഒരു
കവിൾ തുടുക്കുമ്പോൾ മിഴി നനയുമ്പോൾ
കഴലിടറുമ്പോൾ നിഗൂഢമായെന്തോ
പറഞ്ഞതായ് തോന്നും മൊഴികൾ തൻ സ്വനം

മധുരമായിടാംപരുഷമായിടാം
ഇവിടെഴും തീരെച്ചെറിയ ശബ്ദങ്ങൾ

പ്രിയസുഹൃത്തേ എൻ ഹൃദയഭിത്തിയിൽ
പതിക്കെന്നുറുനൂറിരട്ടിയാവുന്നു

അവ വളരുന്നു മഹാധ്വനികളായ്
അവയിരമ്പുന്നു മഹാസമുദ്രമായ്
എനിക്കു താങ്ങുവാനരുതെൻ നെഞ്ചിലെ
കടച്ചിൽ - ആര,തിലമൃതംതേടുന്നു ?

सुसूक्ष्मोf पि रवः सदा स मे प्रियः।।
सरसमसृणप्रणयार्द्रं कर
वलयान्निर्गतं तरलनिस्वनम्।।
ज्वरतप्तशिशोः करस्पर्शे श्रुतः
अतिसूक्ष्मः नाडीस्वरः स मे प्रियः।।
महन्नाट्यं वितन्वतान्नूपुराच्चु
पतितस्य मणेः सदीनः गद्गदः।।
मथनान्तलब्धममृतं केनापि
हृतमिति चिन्ताजनितनिश्वासः।।
स्मृतिष्वतितरां सुखदं तत्स्वनम्
उदकबिन्दुवत् क्षणस्थिरं स्वनम्।।
वियोगवेदनासहितं रोदनम्
विधिर्ममेति तत्समाश्वासस्वरम्।।
अकथिते... किमप्यकथितेपि ते
मुखे विकसिते यदार्द्रे त्वन्नेत्रे।।
पदे स्खलितेपि निगूढं मां किञ्चित्
भणतीव भाति तव मौनस्वरम्।।
मधुरोf प्यस्तु वा परुषोf थवास्तु
इहैव वर्तन्ते ह्यतिसूक्ष्माः शब्दाः।।
प्रियमित्र मम हृदयभित्तौ ते
पतन्पतन्क्षणाच्छतशतायन्ते।।
महाध्वनिरिव प्रवर्धन्ते रवाः
महोदधिरिव करोति गर्जनम्।।
मम त्वसह्या हि हृदयस्था व्यथा
वद प्रिय - कस्य सुधास्वादो ह्यत्र ?

മലയാളത്തിന്റെ പ്രിയ കവിയുടെ ഈ കവിതയിലെ ഏതാനും വരികൾ കാവ്യകേളിക്കായി ലക്ഷ്മീദാസ് (കൈരളി മാമ്പഴം പരിപാടി വഴി പ്രസിദ്ധ) ആലപിച്ചത് ഡോ.ശങ്കരനാരായണൻ മാഷ് (അകവൂർ സ്ക്കൂളിലെ സംസ്കൃതം അദ്ധ്യാപകൻ, വിശ്വസംസ്കൃതപ്രതിഷ്ഠാനം സംസ്ഥാന പ്രസിഡന്റ്) വാട്സ് ആപ്പ് വഴി അയച്ചു തന്നു. കേട്ടപ്പോൾ കവിത മുഴുവൻ വായിക്കുവാൻ തോന്നി. വായിച്ചപ്പോൾ ചിലവരികൾക്കു സംസ്കൃത വിവർത്തനം എങ്ങനെയോ മനസ്സിൽ കടന്നു കൂടി. പിന്നെപ്പിന്നെ...... അത് ഈ നിലയിലുമായി.... വൃത്തം അന്നനട തന്നെ... "സ്വർണ്ണനൂലിനോടു വൈക്കോൽ കൂട്ടി കെട്ടുന്ന പോലെയുള്ള ഈ ചാപല്യ"ത്തിനു മാപ്പിരന്നുകൊണ്ട് പോരായ്മകളും തിരുത്തലുകളും നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുംകൊണ്ടും......

ശങ്കർജി കൊടകര

Sankaranarayanan.AH S S T (Sanskrit) Govt.Sanskrit HSS Thripunithura
Phone – 9744780455 Email – sankarjikodara@gmail.com